**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **06-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ച് ഗ്രാമ പഞ്ചായത്തുകളിലും പരവൂർ നഗരസഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയിൽ ഏഴ് പാക്കേജുകളാണുള്ളത് ഇതിൽ പരവൂർ (പാർട്ട്), പൂയപ്പള്ളി, ചിറക്കര, മീനാട് വില്ലേജുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭ ആദിച്ചനല്ലൂർ, പൂതക്കുളം വില്ലേജുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | ഗ്രാമ പഞ്ചായത്തുകളിലും നഗരസഭയിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇനി എത്രത്തോളം പ്രവർത്തികൾ അവശേഷിക്കുന്നുവെന്നും വിശദമാക്കാമോ; | (ബി) | മേൽ പറഞ്ഞ പദ്ധതികളിലെ ഏഴ പാക്കേജുകളിൽ നാലെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 46%-ഉം, ആദിച്ചനല്ലൂർ വില്ലേജിൽ 40%-ഉം, പൂതക്കുളം വില്ലേജിൽ 48%-ഉം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 54%- ഉം ആദിച്ചനല്ലൂർ വില്ലേജിൽ 60%-ഉം പൂതക്കുളം വില്ലേജിൽ 52%-ഉം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) | പരവൂർ നഗരസഭയിലും പൂതക്കുളം ഗ്രാമപഞ്ചായത്തിലും ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | പരവൂർ നഗരസഭയിലെ പ്രവൃത്തിയിൽ സോയിൽ സ്റ്റാറ്റ മാറിയതിനാലും കരാറിലേർപ്പെട്ട കാലയളവിലേതിനേക്കാൾ പൈപ്പിന്റെ വില അധികരിച്ചതിനാലും പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനാൽ അത് നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം വില്ലേജിൽ ബന്ധപ്പെട്ട കരാറുകാരൻ പുതുക്കിയ ടൈം ഷെഡ്യൂൾ സമർപ്പിക്കാത്തതിനാൽ ഈ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ